# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. L - JK 4 | 2017 February 19 | No. 4


## PASTORAL LETTER

## വിശുദ്ധ നോമ്പുകാലം 2017

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ആരാധനക്രമവത്സരത്തിലെ സുപ്രധാന കാലഘട്ടമായ വിശുദ്ധ നോമ്പുകാലം 2017 മാർച്ച് 1-ാം തീയതി വിഭൂതിബുധനാഴ്ച ആരംഭിക്കുകയാണ്. കർത്താവായ യേശുക്രിസ്തു തന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങൾ വഴി ലോകത്തിന് നേടിത്തന്ന രക്ഷയെക്കുറിച്ച് ധ്യാനിക്കുകയാണ് ഈ പുണ്യകാലത്ത് നാം ചെയ്യേണ്ടത്. അതുവഴി ദൈവത്തോടും സഹോദരങ്ങളോടും നമ്മോടുതന്നെയുമുള്ള ബന്ധത്തിൽവന്നുപോയ വീഴ്ചകളെക്കുറിച്ച് അവബോധമുള്ളവരാകാനും പരിഹാരമനുഷ്ഠിക്കാനും ഈ നോമ്പുകാലത്ത് നാം പരിശ്രമിക്കുന്നു. അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും പ്രാർത്ഥനയുടേതുമായ ഈ വിശുദ്ധനോമ്പുകാലം അർത്ഥവത്തായി ആചരിക്കുകവഴി നഷ്ടപ്പെട്ട ക്രിസ്തീയ ചൈതന്യം നാം വീണ്ടെടുക്കുകയും ക്രിസ്തുവിന്റെ സജീവസാക്ഷികളായി മാറുകയും ചെയ്യുന്നു. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നീ വിശുദ്ധീകരണ മാർഗങ്ങളിലൂടെ നമ്മുടെ ആദ്ധ്യാത്മീക ജീവിതം ആഴപ്പെടുത്താൻ

അനുകൂലമായ കാലമാണ് നോമ്പുകാലം. ഈ വിശുദ്ധീകരണമാർഗ ങ്ങളുടെ അടിസ്ഥാനം ദൈവവചനമാണ്. ദൈവവചനം കേൾക്കാനും അതിനെപ്പറ്റി ആഴത്തിൽ ധ്യാനിക്കാനും നോമ്പുകാലത്ത് തിരുസഭ നമ്മെ ക്ഷണിക്കുന്നു.

പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ ഈ വർഷത്തെ നോമ്പു കാലസന്ദേശത്തിൽ വി. ലൂക്കായുടെ സുവിശേഷത്തിലെ ധനവാന്റെയും ലാസറിന്റെയും ഉപമയാണ് വിചിന്തനത്തിനായി നൽകിയിട്ടുള്ളത്. ഫ്രാൻസിസ് പാപ്പാ ഇപ്രകാരം പറയുന്നു; "മറ്റു വ്യക്തികൾ ഒരു ദാന മാണെന്ന് ലാസർ നമ്മെ പഠിപ്പിക്കുന്നു. ആളുകളുമായുള്ള ശരിയായ ബന്ധം അവരുടെ മൂല്യത്തെ നന്ദിപൂർവം അംഗീകരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സമ്പന്നന്റെ വാതിൽപടിക്കൽ കിടക്കുന്ന ദരി ദ്രൻപോലും ഒരു ശല്യമല്ല. പിന്നെയോ മാനസാന്തരത്തിനും മാറ്റ ത്തിനുംവേണ്ടിയുള്ള ഒരു വിളിയാണ്. ഓരോ വ്യക്തിയും ഒരു ദാന മാണ്. ആ വ്യക്തി അയൽക്കാരനായാലും അറിയപ്പെടാത്ത ദരിദ്രനാ യാലും ഒരു ദാനമാണ്." അങ്ങനെ ആവശ്യത്തിൽപ്പെട്ട എല്ലാവരെയും തിരിച്ചറിയാനും അവരിൽ യേശുവിന്റെ മുഖം കാണാനുംവേണ്ടി വാതി ലുകൾ തുറക്കാനുള്ള സമുചിതമായ സമയമാണ് നോമ്പുകാലം.

വി. മർക്കോസിന്റെ സുവിശേഷത്തിൽ യേശു ഒരു തളർവാത രോഗിയെ സുഖപ്പെടുത്തുന്ന സംഭവം നാം വായിക്കുന്നുണ്ട് (വി. മർക്കോസ് 2:1-12). യേശുവിന്റെ സാന്നിധ്യം അറിഞ്ഞ് ജനം വീട്ടിൽ തിങ്ങിക്കൂടി നിന്നിരുന്നതിനാൽ തളർവാതരോഗിയെ വീടിന്റെ മേൽക്കൂര പൊളിച്ചാണ് യേശുവിന്റെ അടുക്കൽ അവർ എത്തിച്ചത്. യേശു അവനെ സുഖപ്പെടുത്തി. തളർവാതരോഗി എഴുന്നേറ്റ് കിടക്ക യുമെടുത്തുകൊണ്ട് നടന്നുപോയി. യേശുവും ശിഷ്യന്മാരും ജനങ്ങളും ആ വിട്ടിൽനിന്ന് പോയി. ആ വീടിന്റെ മേൽക്കൂര നേരെയാക്കാനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന ചോദ്യം ബാക്കിയാകുന്നു. ഈ വചനഭാഗം ധ്യാനിക്കുമ്പോൾ ഈ നോമ്പു കാലത്ത് നാം അനുവർത്തിക്കേണ്ട ഒരു നന്മപ്രവൃത്തി എന്റെ മന സിൽ തെളിയുന്നു. മേൽക്കൂര നഷ്ടപ്പെട്ട, സുരക്ഷിതഭവനങ്ങളില്ലാതെ വിഷമിക്കുന്ന കുടുംബങ്ങളെ സഹായിക്കുവാനുള്ള ഒരു ഉൾവിളി. നോമ്പുകാലത്ത് മിതവ്യയത്തിലൂടെയും ലളിതജീവിതത്തിലൂടെയും

ഉപവാസത്തിലൂടെയും മിച്ചം വയ്ക്കാൻ സാധിക്കുന്ന തുക മേൽക്കൂര നഷ്ടപ്പെട്ടവർക്ക് തണലേകുവാൻ ഒരു കൊച്ചുഭവനം നിർമ്മിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുവാനായി മാറ്റിവച്ചാൽ നമ്മുടെ നോമ്പാചരണം വളരെ അർത്ഥപൂർണ്ണമാകും എന്നു ഞാൻ കരുതുന്നു. അതിന് നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. അങ്ങനെ നിരാലംബർക്കും അശരണർക്കും ഭവനരഹിതർക്കുംവേണ്ടി നിലകൊള്ളാനും, ഫ്രാൻസിസ് പാപ്പാ പറയുന്നതുപോലെ 'അന്യവ്യക്തികൾ' ഒരു ദാനമാണെന്ന് തിരിച്ചറിഞ്ഞ് അവരെ സ്വീകരിക്കാനും ആദരിക്കാനും സ്നേഹിക്കാനും അവരെ സഹായിക്കാനും നമുക്കു കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കൂടാതെ, ഈ നോമ്പുകാലത്ത് കുടുംബബന്ധങ്ങളിലും സാമൂഹികബന്ധങ്ങളിലും വന്നിട്ടുള്ള മുറിവുകൾ നാം പാടെ ഇല്ലാതാക്കണം. ക്ഷമിക്കാനും പൊറുക്കാനും മറക്കാനും നമുക്ക് കഴിയണം. അനുരഞ്ജനപ്പെടേണ്ട മേഖലകൾ കണ്ടെത്തി ക്രിസ്തുവിന്റെ സമാധാനത്തിനായി നാം ആഗ്രഹിക്കണം. മാനസാന്തരത്തിലേക്കുള്ള യഥാർത്ഥ യാത്രയിൽ പരിശുദ്ധാത്മാവ് നമ്മെ നയിക്കാൻ ഇടയാകട്ടെ. അങ്ങനെ ദൈവവചനമാകുന്ന ദാനം തിരിച്ചറിയാനും നമ്മെ കുരുടന്മാരാക്കുന്ന പാപത്തിൽനിന്ന് വിശുദ്ധീകരിക്കപ്പെട്ടവരാകാനും, ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരങ്ങളിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യാനും നമുക്ക് കഴിയട്ടെ.

നോമ്പുകാലത്തെ നമ്മുടെ ത്യാഗത്തിന്റെ ഓഹരി വിശപ്പും രോഗവും അനുഭവിക്കുന്ന സഹോദരങ്ങളുമായും നമുക്ക് പങ്കുവയ്ക്കാം. എല്ലാ വർഷത്തെയും എന്നപോലെ ഈ വർഷവും വിശപ്പിനും രോഗത്തിനും എതിരായ സഭയുടെ സംരംഭങ്ങളിൽ നമുക്ക് ഹൃദയപൂർവം സഹകരിക്കാം. നോമ്പുകാലത്തിലെ രണ്ടു ഞായറാഴ്ചകളിലെ പിരിവ് ഈ ലക്ഷ്യത്തിന് അയച്ചുകൊടുക്കാൻ അതിരൂപതാകച്ചേരിയിൽ ഏൽപിക്കേണ്ടതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥനയിൽ അധിഷ്ഠിതമായ ധർമ്മദാനങ്ങളും ഉപവാസവും അർത്ഥപൂർണ്ണമായി അനുഷ്ഠിക്കാൻ ഭക്തിപൂർവ്വകമായ വിശുദ്ധഗ്രന്ഥ പാരായണവും ഏകാഗ്രമായ തിരുവചനധ്യാനവും നമ്മെ സഹായിക്കട്ടെ.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഹൃദയപൂർവ്വം ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2016 ഫെബ്രുവരി 19-ാം തീയതി.

എറണാകുളം ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
19.02.2017 വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: ഈ ഇടയലേഖനം 2017 ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

## സർക്കുലർ - 3

# പെസഹാകാല കടമകൾ

തിരുസഭയുടെ കല്പനകളിൽ പ്രധാനപ്പെട്ടവയാണ് കുമ്പസാരത്തേയും വിശുദ്ധ കുർബ്ബാനസ്വീകരണത്തേയും സംബന്ധിച്ചുള്ളവ. അതേപറ്റി കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്. "യോഗ്യമായ ഒരുക്കത്തോടെ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കണമെന്നാണ് സഭ വിശ്വാസികളോട് ആവശ്യപ്പെടുന്നത്. ചുരുങ്ങിയത് ഉയിർപ്പുതിരുനാളിലെങ്കിലും വിശ്വാസികൾ വിശുദ്ധകുർബ്ബാന സ്വീകരിക്കണം". (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 290). തിരിച്ചറിവിന്റെ പ്രായമെത്തിയ ഓരോ വിശ്വാസിയും വർഷത്തിലൊരിക്കലെങ്കിലും മാരക പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കാൻ കടപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ കടമകൾ നിറവേറ്റുന്നതിന് വിശ്വാസികൾക്കു സൗകര്യം ലഭിക്കുന്നതിനു പതിവുപോലെ ക്ഷാരബുധൻ മുതൽ പെന്തക്കോസ്താതിരുനാൾവരെയുള്ള സമയം ഇതിനായി നിശ്ചയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ കടമകളെക്കുറിച്ചു വിശ്വാസികളെ ഓർമ്മപ്പെടുത്തണം.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

19.02.2017 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

CIRCULAR - 4

## IN MISSA IN CENA DOMINI

## Washing of feet on Maundy Thursday

Rev. Priests, Sisters and Brethren,

As per the Decree given by the Congregation for Divine Worship and the Discipline of the Sacraments on 6th January 2016 at the direction of the Supreme Pontiff Pope Francis, a small group of the faithful may be selected to represent the variety and the unity of each part of the people of God for the ceremony of the Washing of the Feet. The Decree states that such small group can be made up of men and women and it is appropriate that they consist of people young and old, healthy and sick, clerics, consecrated men and women and laity. In our Archdiocese six men and six women shall be selected ensuring the representation from the categories mentioned in the Decree. You may give due and necessary preparation to those selected so that they may attend the ceremony in a meaningful manner. The Decree of the Congregation for Divine Worship and the Discipline of the Sacraments is given below for your immediate reference.

Ernakulam
19.02.2017

✠ **Joseph Kalathiparambil**
Archbishop of Verapoly

CONGREGATION FOR DIVINE WORSHIP
AND THE DISCIPLINE OF THE SACRAMENTS

**DECREE**

***IN MISSA IN CENA DOMINI***

The restoration of Holy Week, with the decree *Maxima Redemptionis nostrae mysteria* (30 November 1955), granted the faculty for the washing of feet of twelve men during the Mass of the Lord's Supper after the reading of the Gospel according to John, where a pastoral reason recommended it, in order to demonstrate in an almost representative way the humility and charity of Christ towards his disciples.

In the Roman Liturgy this rite was handed down with the name of the *Mandatum* of the Lord concerning fraternal charity from the words of Jesus (cf Jhn 13:34), which are sung in an Antiphon during the celebration.

In performing this rite Bishops and priests are invited to intimately conform themselves to Christ who «came not to be served but to serve» (Mt 20:28) and, compelled by charity «to the end» (Jhn 13:1), to give his life for the salvation of the whole human race.

In order that the full meaning of this rite might be expressed to those who participate it seemed good to the Supreme Pontiff Pope Francis to vary the norm which is found in the rubrics of the *Missale Romanum* (p. 300 n. 11): «The men who have been chosen are led by the ministers…», which therefore must be changed as follows: «Those who are chosen from amongst the people of God are led by the ministers…» (and consequently in the *Caeremoniali Episcoporum* n. 301 and n. 299b: «seats for those chosen»), so that pastors may select a small group of the faithful to represent the variety and the unity of each part of the people of God. Such small groups can be made up of men and women, and it is appropriate that they consist of people young and old, healthy and sick, clerics, consecrated men and women and laity.

This Congregation for Divine Worship and the Discipline of the Sacraments, in virtue of the faculties granted by the Supreme Pontiff, introduces this innovation into the liturgical books of the Roman Rite, reminding pastors of their responsibility to adequately instruct both the chosen faithful as well as all others so that they may participate consciously, actively and fruitfully in the rite.

Anything to the contrary notwithstanding.

*From the Congregation for Divine Worship and the Discipline of the Sacraments, 6 January 2016, Solemnity of the Epiphany of the Lord.*

Robert Card. Sarah

*Prefect*

✠ **Arthur Roche**
*Archbishop Secretary*

CIRCULAR - 5

## The Chrism Mass

*Dear Rev. Fathers,*

The Liturgy recommends that the Mass of the Chrism concelebrated by the Bishop and his priests, should be manifestation of the fellowship of the priests with their Bishop. In order to show the unity of the presbyterium it is recommended that as many priests as possible of our Archdiocese participate in the Concelebrated Mass of the Chrism at 7.30 am in our St. Francis Assisi Cathedral on Maundy Thursday, April 13th, 2017.

*Yours devotedly in Christ Jesus,*

Ernakulam
19.02.2017

✠ **Joseph Kalathiparambil**
Archbishop of Verapoly

CIRCULAR - 6

## Devotion to St. Joseph

Dear Rev. Fathers,

As St. Joseph is the Patron of the Universal Church and also the special Patron of our Archdiocese according to the Rescript of Pope Leo XIII, dated April 1, 1888 his feast on March 19 must be celebrated with due Solemnity.

The highly fruitful devotion to St. Joseph, which has been a special feature of our people from ancient times, has to be kept up with increasing fervour, especially in these days of spiritual ardity and disruption of family life.

I would therefore direct as follows:-

1. The feast should be solemnly celebrated with High Mass, Sermon etc.
2. Wherever possible, a treat to the poor should be arranged.

With cordial blessings,

Ernakulam
19.02.2017

✠ **Joseph Kalathiparambil**
Archbishop of Verapoly

## NOTIFICATION - 4

*Dear Rev. Fathers /Sisters,*

The Archdiocesan Curia will remain closed during the Holy Week, April 10-16 , 2017. The Reverend Parish Priests are kindly requested to inform the people about it. No petitions shall be accepted during these days.

Ernakulam **Chancellor**
19.02.2017 Archdiocese of Verapoly

## സർക്കുലർ - 7

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

സഭാമക്കളായ നമ്മളെ എല്ലാവരെയും ലോകമനസാക്ഷിയെയും അതിയായി നടുക്കിയ ദാരുണ സംഭവമാണല്ലോ യെമനിൽ ഏദൻ എന്ന സ്ഥലത്ത് മദർ തെരേസ സഹോദരികൾ നടത്തിവന്നിരുന്ന അഗതിമന്ദിരത്തിൽ 2016 മാർച്ച് 4-ാം തീയതി ഭീകരർ നടത്തിയ അക്രമണം. അന്ന് ഏദനിലെ വികാരിയും സിസ്റ്റേഴ്സിന്റെയും പ്രവാസി കത്തോലിക്കരുടെയും ആത്മീയപിതാവുമായിരുന്ന സലേഷ്യൻ വൈദീകൻ ഫാ. ടോം ഉഴുന്നാലിനെ തീവ്രവാദികൾ തട്ടിക്കൊട്ടുപോയ വിവരം വേദനയോടെ നാം അറിഞ്ഞു. ടോമച്ചന്റെ മോചനത്തിനായി വിവിധ തലങ്ങളിൽ ശ്രമങ്ങൾ നടന്നുവരുന്നു. ടോമച്ചൻ ബന്ദിയാക്കപ്പെട്ടിട്ട് ഒരു വർഷം തികയുന്ന 2017 മാർച്ച് 4-ാം തീയതി കേരള ക്രൈസ്തവ സഭയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രാർത്ഥനാസമ്മേളനത്തിന്റെ വിശദാംശങ്ങൾ അടങ്ങിയ കെ.സി.ബി.സി. സർക്കുലർ ഇതോടൊപ്പം അയക്കുന്നു. ടോമച്ചന്റെ മോചനത്തിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
19.02.2017 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# മാർച്ച് 4 – ഫാ. ടോം ഉഴുന്നാലിൽ എസ്.ഡി.ബി. ബന്ദിയാക്കപ്പെട്ടതിന്റെ വാർഷിക ദിനാചരണം

യേശുവിൽ സഹോദരീസഹോദരന്മാരേ,

ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ, പ്രത്യേകിച്ചും മധ്യ പൂർവരാജ്യങ്ങളിൽ, ക്രൈസ്തവ സഹോദരങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായും ആഗോളസഭയും നാൾക്കുനാൾ വർധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങളിൽ വളരെയധികം ഉത്ക്കണ്ഠാകുലരാണ്. യുദ്ധവും കലഹവും മൂർധന്യാവസ്ഥയിൽ എത്തിനില്ക്കുന്ന സിറിയ, യെമൻ മുതലായ രാജ്യങ്ങളിൽ ഏറ്റവുമധികം നിഷ്ഠൂരമായി കൊലയ്ക്കും മൃഗീയമായ പീഡനങ്ങൾക്കും ഇരകളായിക്കൊണ്ടിരിക്കുന്നത് ആ രാജ്യങ്ങളിലെ ക്രൈസ്തവ സഹോദരങ്ങളാണ്.

ലോകമനസ്സാക്ഷിയെയും അതിലുപരിയായി, ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തെയും അതിയായി നടുക്കിയ ദാരുണ സംഭവമാണല്ലോ യെമൻ എന്ന രാജ്യത്തെ ഏദനിൽ മദർ തെരേസ സഹോദരികൾ നടത്തിവന്നിരുന്ന അഗതി മന്ദിരത്തിൽ ഭീകരർ നടത്തിയ ആക്രമണം. രണ്ടായിരത്തിപതിനാറ് മാർച്ച് 4-ാംതീയതി ഇന്ത്യൻ സമയം രാവിലെ 8.45-ന് നടത്തിയ ഭീകരാക്രമണത്തിന് ഇരയായത് നാലു മദർതെരേസ സഹോദരികളും അവരുടെ 12 ജോലിക്കാരുമാണ്. ഏദനിലെ പള്ളി വികാരിയും സിസ്റ്റേഴ്സിന്റെയും പ്രവാസി കത്തോലിക്കരുടെയും ആത്മീയപിതാവുമായ സലേഷ്യൻ വൈദികൻ ഫാ. ടോം ഉഴുന്നാലിൽ അച്ചനെ പരിശുദ്ധ കുർബാനയ്ക്കുശേഷം പ്രാർത്ഥിച്ചുകൊണ്ടിരിക്കേ സിസ്റ്റേഴ്സിന്റെ ചാപ്പലിൽനിന്ന് തീവ്രവാദികൾ തട്ടിക്കൊണ്ടുപോകുകയും ചെയ്തു.

യെമനിലെ സഭകളുടെ ചുമതലയുള്ള അബുദാബി ബിഷപ്പ് അഭിവന്ദ്യ പോൾ ഹിൻഡർ പിതാവ് ഈ സംഭവം നടന്ന ഉടൻതന്നെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായെ അറിയിക്കുകയും പരിശുദ്ധ പിതാവ് നൂൺഷ്യോവഴി യു എ ഇ ഗവണ്മെന്റിനോട് ഭീകരാക്രമണത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട സിസ്റ്റർ സാലിയെ അവിടെ

നിന്ന് രക്ഷപ്പെടുത്താനും ടോമച്ചന്റെ മോചനത്തിനായുമുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുയുണ്ടായി. അതിൻപ്ര കാരം സിസ്റ്റർ സാലിയെ സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെടുത്തി സുര ക്ഷിത സ്ഥലത്ത് എത്തിക്കുകയും, തുടർന്ന് അവരുടെ ജോർദ്ദനിലെ കോൺവെന്റിലേക്ക് മാറ്റുകയും ചെയ്തു.

ടോമച്ചന്റെ മോചനത്തിനായി പ്രാർത്ഥനകളും മറ്റെല്ലാ ശ്രമങ്ങളും വിവിധ തലങ്ങളിൽ ഗവണ്മേന്റും സഭയും നടത്തിക്കൊണ്ടിരിക്കുക യാണല്ലോ. എങ്കിലും ഇതുവരെയും അദ്ദേഹത്തെക്കുറിച്ച് മാധ്യമങ്ങ ളിൽ വരുന്ന വിവരങ്ങൾക്കുപരിയായി വ്യക്തമായ ഒരു ധാരണയും ഇല്ലായെന്നത് ഏറെ വേദനാജനകമാണ്. അദ്ദേഹത്തിന്റെ മോചനത്തി നായി ഇന്ത്യൻ ഗവണ്മേന്റും യു എ ഇ ഗവണ്മേന്റും വത്തിക്കാനും ഭാരതസഭയും സലേഷ്യൻ കോൺഗ്രിഗേഷനും കൂട്ടായ ശ്രമങ്ങൾ നട ത്തിവരികയാണ്. സിബിസിഐയുടെ നേതൃത്വത്തിൽ ഇന്ത്യൻ സഭാ സമൂഹവും ടോമച്ചൻ അംഗമായുള്ള സലേഷ്യൻ സഭയുടെ ബാംഗ്ലൂർ പ്രോവിൻസും ഗവണ്മേന്റുമായി നിരന്തരം ബന്ധപ്പെട്ട് പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, മുഖ്യമന്ത്രിഎന്നിവരുമായി നിരന്തരമായ കൂടിക്കാ ഴ്ചകൾ നടത്തി എത്രയും വേഗം അച്ചന്റെ മോചനം ഉറപ്പാക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരി ക്കുന്നതായി അവർ ഉറപ്പ് നല്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ വരുന്ന മാർച്ച് മാസം 4-ാംതീയതി ടോമച്ചൻ ബന്ദിയാക്ക പ്പെട്ടിട്ട് ഒരുവർഷം തികയുകയാണ്. നമ്മുടെ ഭാഗത്തു നിന്ന് അച്ചന്റെ മോചനത്തിനായി എല്ലാ ശ്രമങ്ങളും ഊർജിതപ്പെടുത്തേണ്ടിയിരി ക്കുന്നു. ആയതിനാൽ മാർച്ച് 4-ാംതീയതി ഏറ്റവും ഉചിതമായി അനു സ്മരിക്കുവാനായി കേരള കത്തോലിക്കാസഭ എടുത്ത തീരുമാനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

കേരള ക്രൈസ്തവ സഭയുടെ നേതൃത്വത്തിൽ മാർച്ച് 4-ന് വൈകുന്നേരം 5 മണിക്ക് എറണാകുളം ടൗൺ ഹാളിൽ വച്ച് പ്രാർത്ഥ നാസമ്മേളനവും അനുസ്മരണ കൂട്ടായ്മയും നടത്താൻ തീരുമാനി ച്ചിരിക്കുന്നു. അന്നേദിവസം എല്ലാ ഇടവകകളിലും ടോം അച്ചന്റെ മോചനത്തിനായി പ്രാർത്ഥനാശുശ്രൂഷ നടത്തണമെന്ന് അഭ്യർത്ഥി ക്കുന്നു. എറണാകുളം ടൗൺ ഹാളിൽ സംഘടിപ്പിക്കുന്ന പ്രാർത്ഥന

യിലും യോഗത്തിലും വൈദികരും സന്ന്യസ്തരും, വിശ്വാസികളും, പ്രത്യേകിച്ച് അടുത്ത പ്രദേശങ്ങളിൽ നിന്നുമുള്ളവർ, പങ്കെടുക്കണ മെന്നും അഭ്യർത്ഥിക്കുന്നു.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

---

N.B.: ഈ സർക്കുലർ 2017 ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജന ങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ - 8

# മദ്യവിരുദ്ധ ഞായർ

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2017 മാർച്ച് 12-ാം തീയതി നാം മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവും മയക്കുമരുന്നും നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന മഹാവിപത്താണ്. മദ്യത്തിന്റെ ഉപയോഗവും ലഭ്യതയും വർദ്ധിച്ചപ്പോൾ കുടുംബനാഥന്മാർ മാത്രമല്ല യുവജനങ്ങളും കുട്ടികളുംവരെ മദ്യപാനമെന്ന അടിമത്ത്വത്തിലേക്ക് വഴുതി വീഴുന്നു.

നമ്മുടെ കുടുംബങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണമായ മദ്യവും മയക്കുമരുന്നും പാടേ ഉപേക്ഷിക്കുവാനുള്ള തീരുമാനം ഇടവകതലത്തിൽ എടുക്കുവാൻ നമുക്കു സാധിക്കണം. മദ്യവിരുദ്ധ പ്രവർത്തനങ്ങളോടൊപ്പം മദ്യപാനത്തിനും മയക്കുമരുന്നിനും അടിമയായവരെ ചികിത്സിക്കുവാനും ബോധവത്കരണ പരിപാടികളോടൊപ്പം ക്രിയാത്മകമായി ജീവിക്കുവാനുമുള്ള കർമ്മപരിപാടികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഉപരിപ്ലവമായ പരിപാടികൾക്കപ്പുറത്ത് ആഴത്തിലെത്തുന്ന ചിന്താധാരകൾ പകർന്നു നല്കുവാൻ നമുക്കു സാധിക്കണം. ഈ വർഷവും മദ്യവിരുദ്ധസമിതി പ്രവർത്തനങ്ങൾക്ക് കെ.സി.ബി.സി. തലത്തിൽ ഒന്നാം സ്ഥാനം നമ്മുടെ അതിരൂപതയ്ക്കാണ്. നമ്മുടെ അതിരൂപതയിൽ മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വട്ടപ്പറമ്പിലച്ചനെയും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്ന മറ്റു സമിതി പ്രവർത്തകരെയും ഈ അവസരത്തിൽ പ്രത്യേകം അനുമോദിക്കുന്നു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും വേണ്ടുന്ന സഹകരണവും നല്കണമെന്ന് നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നല്കുന്ന മദ്യവിരുദ്ധ ഞായർ സന്ദേശത്തിലെ ആശയങ്ങൾ മാർച്ച് 12-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വിശ്വാസികളെ അറിയിക്കേണ്ടതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2017 ഫെബ്രുവരി 19-ാം തീയതി.

എറണാകുളം ✠ *ജോസഫ് കളത്തിപ്പറമ്പിൽ*
19.02.2017 വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## മദ്യവിരുദ്ധ ഞായർ, 12 മാർച്ച് 2017

### കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2017 മാർച്ച് 12-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കുവാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരളകത്തോലിക്കസഭ നൽകാൻ ആഗ്രഹിക്കുന്നത്. മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ ആരോഗ്യമേഖലകളിലും മറ്റു സാമൂഹിക നവോത്ഥാന രംഗങ്ങളിലും മാറ്റത്തിന്റെ ചാലകശക്തിയാകാൻ കേരളസഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നത്തേതുംപോലെ ഇന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സന്ധിയില്ലാ സമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരുംതലമുറ യ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും ലഹരിയ്ക്കുമെതിരെയുള്ള ഈ സാമൂഹ്യ ഇടപെടൽ.

ആഴമേറിയ ആത്മീയതയും ഉന്നതമായ സംസ്കാരവും കേരള സമൂഹത്തിന്റെ മുഖമുദ്രയാണെന്നതിൽ നമ്മൾ അഭിമാനിക്കുന്നു. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിനു സ്വന്തമാണ്. എന്നാൽ,

കേരളസമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളു ടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ ലഹരി സംസ്കാരം ഇന്ന് ദൈവ ത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിക്കുന്നു. സമസ്ത സൃഷ്ടിക ളുടെയും മകുടമായി ദൈവം സൃഷ്ടിച്ച മനുഷ്യൻ തന്നെ നിയോഗി ച്ചവന്റെ വിളി മറന്ന് മദ്യപാനത്തിലൂടെയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിലൂടെയും നന്മയുടെ മുഖം നഷ്ടമാക്കുന്ന ദയനീയ സമ കാലിക ചിത്രങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നതാണ്.

വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥന യുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ട മാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മറ്റ് ലഹരിവസ്തുക്കളും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന ദുരന്തങ്ങൾ വളരെ ഭയാനകമാണ്. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽ നിന്നും, പാപ സാഹചര്യങ്ങളിൽനിന്നും ഓടി അകലണമെന്ന് ഓരോ നോമ്പുകാലവും ആഹ്വാനം ചെയ്യുന്നു. മദ്യാസക്തി ദുർമോഹങ്ങളി ലേയ്ക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാ ണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6:10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനം തന്നെ മദ്യാസക്തി എന്ന തിന്മ യുടെ ആഴം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. ജീവിത ബലഹീനത കളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

രണ്ടു വർഷം മുമ്പ് അന്നത്തെ സർക്കാർ പ്രഖ്യാപിച്ച മദ്യനയ ത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാല കളും നിരോധിച്ചത് നമുക്ക് അറിവുള്ളതാണല്ലോ. 10 വർഷംകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ മദ്യനിരോധനമാണ് അന്ന് പ്രഖ്യാപിച്ചിരുന്നത്. അതിന്റെ ഭാഗമായി 10 ശതമാനം ബീവറേജ് കൺസ്യൂമർ ഔട്ട്‌ലറ്റുകൾ എല്ലാ വർഷവും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് അടച്ചുപൂട്ടുവാനുള്ള നടപടിയും എടുത്തിരുന്നു.

എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടെ മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് പ്രഖ്യാപിക്കുകയും പ്രതിവർഷം 10 ശതമാനം മദ്യശാലകൾ അടച്ചുപൂട്ടാനുള്ള തീരുമാനം റദ്ദാക്കുകയും ചെയ്യുകയുണ്ടായി. അതിനാൽത്തന്നെ മുൻസർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ മദ്യ നിരോധന നയം നിലവിലുള്ള പുതിയ സർക്കാർ അട്ടിമറിക്കുമോ എന്ന ആശങ്ക നമുക്കുണ്ട്.

കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയ ഭാഗിക മദ്യനിരോധനം വിജയമല്ല എന്ന് സ്ഥാപിക്കാൻ പലഭാഗത്തുനിന്ന് ശ്രമിക്കുന്നുണ്ടെങ്കിലും, മദ്യനിരോധനം വിജയമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചനക്ഷത്ര ബാറുകൾ ഒഴികെയുള്ള മദ്യശാലകൾ അടച്ചുപൂട്ടിയതോടെ മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിദേശ മദ്യവില്പന 25% കുറഞ്ഞുവെന്നാണ് കണക്ക്. ലഹരി വിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ സംഭവിച്ചുവെന്നത് പ്രകടമായ യാഥാർത്ഥ്യമാണ്. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാവിനും ശരീരത്തിനും ആരോഗ്യം, കുറ്റകൃത്യങ്ങൾ റോഡപകടങ്ങൾ, വിവാഹമോചനങ്ങൾ, ആത്മഹത്യ എന്നിവയിൽ കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതുസമൂഹം ഭാഗികമായ മദ്യനിരോധനത്തിന്റെ നന്മകൾ അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. ഈ നന്മകൾ തുടരാനും കൂടുതൽ വളരാനുമുള്ള സാഹചര്യമാണ് നാം സൃഷ്ടിക്കേണ്ടത്. പ്രഖ്യാപിത മദ്യനയത്തിൽ നിന്നുള്ള തിരിച്ചുപോക്ക് ഈ നന്മകളെ തകർക്കുകയും വലിയ വിനാശത്തിന് വഴിതെളിക്കുകയും ചെയ്യും.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ രണ്ടുസമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ നന്മ ഉളവാക്കുന്നതും പ്രായോഗികവുമെന്ന് വ്യക്തമാണ്. മദ്യവർജ്ജനമെന്നത് ഒരു വ്യക്തി സ്വമേധയാ വ്യക്തി ജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അത് ഒരു നയമായി സർക്കാർ സ്വീകരിക്കേണ്ടതല്ല. അതേസമയം, ഒരു വ്യക്തിയല്ല, ജന നന്മ ലക്ഷ്യമാക്കി ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരാണ് മദ്യനിരോധനം നടപ്പിൽ വരുത്തേണ്ടത്. മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനുള്ള അധികാരവും

കടമയും ഉത്തരവാദിത്വവും ഉള്ളത് സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാറിന് ഉണ്ടായിരിക്കണം. മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനം മാത്രം പോര. രാഷ്ട്രപിതാവായ ഗാന്ധിജി 'മദ്യവർജ്ജനമല്ല, നിരോധനം തന്നെവേണം' എന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ഒരു പത്രലേഖകൻ ഗാന്ധിജിയോട് ചോദിച്ചു. മദ്യപനെ ഉപദേശിച്ചു പിന്മാറ്റുകല്ലേ നല്ലത്? ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു. 'നിങ്ങളുടെ കുട്ടി തീയിൽ ചാടുവാൻ പോകുകയാണെന്ന് വിചാരിക്കുക. നിങ്ങൾ എന്തുചെയ്യും? അവനെ ഉപദേശിച്ചു മാറ്റുവാൻ ശ്രമിക്കുമോ അതോ ഓടിച്ചെന്ന് ബലം പ്രയോഗിച്ച് പിന്മാറ്റുമോ?" മദ്യം തിന്മയെന്ന് ബോധ്യമുണ്ടെങ്കിൽ മദ്യനിരോധനം തന്നെ വേണമെന്നാണ് ഗാന്ധിജി പറഞ്ഞുവച്ചത്. മദ്യവർജ്ജനം മാത്രം മതി എന്ന സമീപനം കേരളത്തിൽ എത്രമാത്രം പ്രായോഗികമാണെന്ന് സംശയിക്കണം. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപയോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെപ്പ്. മദ്യനിരോധനത്തിലൂടെയും ബോധവൽക്കരണ കർമ്മപദ്ധതികളിലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം.

വളരെക്കാലമായി ഗുജറാത്തിൽ മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ജനക്ഷേമ പദ്ധതികൾ ഫലംകാണാത്ത പശ്ചാത്തലത്തിൽ ബീഹാറിലും സമ്പൂർണ്ണ മദ്യനിരോധനം സർക്കാർ നയമായി പ്രഖ്യാപിച്ച് നടപ്പിലാക്കി കഴിഞ്ഞു. തമിഴ്നാട്ടിലും ഭാഗിക മദ്യനിരോധനമുണ്ട്. വേണ്ടത്ര രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ ഏത് തീരുമാനവും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും. കൊലപാതകം ശിക്ഷാർഹമായ കുറ്റമാണ്. കൊലപാതകിക്ക് തക്കശിക്ഷ നല്കിയിട്ടും കൊലപാതകം കുറയുന്നില്ല എന്നതുകൊണ്ട് പ്രസ്തുതനിയമം പ്രായോഗികമല്ലെന്ന് പറഞ്ഞ് ശിക്ഷ ഒഴിവാക്കി ബോധവത്ക്കരണം മതിയെന്നുവച്ചാൽ എന്താകും സ്ഥിതി. ഒരു നിരോധന നിയമവും പൂർണ്ണമായി സ്വാഗതം ചെയ്യപ്പെടണമെന്നില്ല. ആദ്യഘട്ടത്തിൽ പൂർണ്ണമായ ഫലം കിട്ടിയെന്നും വരില്ല. അതുകൊണ്ട് അപ്രയോഗികമാണ് എന്നവാദം ഉയർത്തുന്നത് യുക്തിക്ക് നിരക്കുന്നതല്ല.

ജനാധിപത്യ സംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രധാന്യം കൊടുക്കേണ്ടത്. രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനാണ്. ഇക്കാര്യം ബന്ധപ്പെട്ടവർ വിസ്മരിക്കരുത്. ജനങ്ങളുടെ ആരോഗ്യവും ജീവിത നിലവാരവും സംരക്ഷിക്കുവാൻ ജാഗ്രതയുണ്ടാകേണ്ട രാഷ്ട്രീയ നേതൃത്വവും ഭരണാധികാരികളും മദ്യനയത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയുണ്ട്. അത് ഒരു സർക്കാരും മറക്കരുത്.

ലഹരിവിരുദ്ധ ബോധവത്കരണപരിപാടികളുടെ അടിസ്ഥാനം ലഹരി തിന്മയാണ് എന്ന ബോധ്യമാണ്. ലഹരിക്കെതിരെ കേരളത്തെ സജ്ജമാക്കുന്നതിൽ നിലവിലെ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ബോധവത്കരണ പരിപാടികളെ നമ്മൾ സ്വാഗതം ചെയ്യുന്നു. മദ്യപിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ദയനീയാവസ്ഥ തിരിച്ചറിഞ്ഞ് ഒരാളും ഇനി ലഹരിയുടെ കെണിയിൽ വീഴരുത് എന്ന ലക്ഷ്യത്തോടെയുള്ള കർമ്മപദ്ധതികളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ലഹരിവിമുക്തമായ ഒരു സമൂഹത്തെ ലക്ഷ്യംവച്ച് നമ്മൾ പ്രവർത്തനനിരതരാകണം. ലഹരിക്കെതിരായ പോരാട്ടത്തിൽ ഒരിക്കലും അലസത കടന്നുവരരുത്. ഒരു സമൂഹവും അതിലൂടെ വരും തലമുറയും നാശത്തിലേക്ക് വഴുതി വീഴുമ്പോൾ നിഷ്ക്രിയരായി നിൽക്കുന്ന അവസ്ഥ ഇനി നമുക്കുണ്ടാകരുത്.

ഇതോടൊപ്പം ശ്രദ്ധയോടെ തിരിച്ചറിയേണ്ട മറ്റൊരു വസ്തുതയുണ്ട്. പുതിയ തലമുറ മദ്യത്തിൽനിന്ന് ഇതരലഹരിവസ്തുക്കളിലേയ്ക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹ്യവിരുദ്ധരിലൂടെയും ഇതര സംസ്ഥാനത്തു നിന്നുള്ളവരിലൂടെയും മയക്കുമരുന്നു ശൃംഖല ഇന്ന് വ്യാപിച്ചു വരികയാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. സുഹൃത്തുക്കളുടെ സ്വാധീനം, പരീക്ഷിച്ചറിയുവാനുള്ള ആകാംക്ഷ, ജീവിത പ്രശ്നങ്ങൾ, ലഹരിയുടെ ദോഷത്തെക്കു

റിച്ചുള്ള അജ്ഞത, ലഹരി വസ്തുക്കളുടെ സംലഭ്യത തുടങ്ങിയ കാരണങ്ങൾ ലഹരിയിലേയ്ക്ക് യുവജനങ്ങളെ നയിക്കുന്നുണ്ട്. മദ്യത്തെക്കാൾ ഭീകരമാണ് മയക്കുമരുന്നുകൾ. ഒരുതവണ ഉപയോഗിച്ചാൽ പോലും ഒരു വ്യക്തി മയക്കുമരുന്നിന് അടിമയാകാൻ സാധ്യതയേറെയാണ്. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരളസമൂഹം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ദേശീയ സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ചരിത്രപരമായ ഒരു വിധിയാണിത്. ഓരോ വർഷവും റോഡപകടംമൂലം ഒന്നര ലക്ഷത്തിലേറെ പേർ മരിക്കുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഇതിന് മുഖ്യകാരണം ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകളാണെന്ന കണ്ടെത്തലാണ് ഈ വിധി പുറപ്പെടുവിക്കാൻ പ്രധാന കാരണം. ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നിറുത്തലാക്കുകയോ അഞ്ഞൂറ് മീറ്റർ ഉള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയോ ചെയ്യണമെന്നാണ് കോടതി വിധി. 2017 മാർച്ച് 31 നുള്ളിൽ വിധി നടപ്പാക്കി, സംസ്ഥാന ചീഫ് സെക്രട്ടറിമാർ റിപ്പോർട്ട് നൽകണമെന്നാണ് കോടതി ഉത്തരവ്. ദേശീയ സംസ്ഥാന പാതയോരങ്ങളിൽ മദ്യവില്പനശാലകളുടെ ബോർഡുകൾ പ്രദർശിപ്പിക്കരുതെന്നും നിലവിലുള്ളവ ഉടൻ നീക്കം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജനനന്മയെ കരുതിയുള്ള വിധിയാണിത്. പൊതുജനം ആഗ്രഹിച്ചതും പ്രതീക്ഷിച്ചതുമായ മദ്യനിരോധനത്തിനും സംസ്ഥാന സർക്കാർ പറയുന്ന മദ്യവർജ്ജനത്തിനും സഹായകമാണിത്. കേരളത്തെ മദ്യത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുവാനും കുടുംബ സാമൂഹ്യജീവിതത്തിൽ മദ്യലഹരി സൃഷ്ടിക്കുന്ന ദുരന്തങ്ങൾ കുറയ്ക്കാനും ഈ വിധി സഹായകമാകും. മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാവർക്കും ഈ സുപ്രീം കോടതി വിധി അഭിമാനത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിക്കുന്നത്.

കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെയും മറ്റ് പ്രസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നതിൽ

വലിയൊരു പങ്കുവഹിക്കാൻ കേരളസഭയ്ക്കും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്കും സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ഇടവക രൂപതാ തലങ്ങളിൽ കൂടുതൽ സജീവവും ഫലപ്രദവുമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ? മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും വേണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ നാം എടുക്കണം. മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 12-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്ക് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കേരളസമൂഹത്തെ മദ്യ-ലഹരി വിമുക്തമാക്കുകയെന്ന വിശുദ്ധ ദൗത്യത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാം. ഇതിനാവശ്യമായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്വപ്പെട്ടവരെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

N.B.: ഈ സർക്കുലർ 2017 മാർച്ച് 12-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ - 9

*വന്ദ്യവൈദീകരെ,*

പുതിയ റോമൻ മിസ്സാളനുസരിച്ച് വിവാഹാശീർവാദകർമ്മം ദിവ്യ പൂജയോടുകൂടെ നടത്തപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കു റിച്ച് കെ.ആർ.എൽ.സി.ബി.സി. നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നിങ്ങ ളുടെ ശ്രദ്ധയിലേക്കായി ചുവടെ ചേർക്കുന്നു.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
19.02.2017 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# പുതിയ റോമൻ മിസ്സാളനുസരിച്ച് വിവാഹാശീർവാദ കർമം ദിവ്യപൂജയോടുകൂടെ നടത്തപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**പ്രാരംഭകർമ്മങ്ങൾ**

**പ്രഥമരൂപം**

1. നിർദിഷ്ടസമയത്ത്, പുരോഹിതൻ നെടിയങ്കിയും ഉത്തരീയവും അന്ന് അർപ്പിക്കുന്ന ദിവ്യപൂജയുടെ നിറമുള്ള പൂജാവസ്ത്രവും ധരിച്ച്, ശുശ്രൂഷകരോടുകൂടെ ദേവാലയകവാടത്തിലേക്കു പോകു ന്നു. അവിടെവച്ച്, വധൂവരന്മാരെ അദ്ദേഹം സ്വീകരിക്കുകയും അവരുടെ സന്തോഷത്തിൽ പങ്കുചേരുന്നതിന്റെ അടയാളമായി അവരെ സ്നേഹപൂർവ്വം അഭിവാദനം ചെയ്യുകയും ചെയ്യുന്നു.

2. തുടർന്ന് പതിവുപോലെ, അൾത്താരയിലേക്കുള്ള പ്രവേശക പ്രദക്ഷിണം ആരംഭിക്കുന്നു. തത്സമയം പ്രവേശനഗാനം ആല പിക്കുന്നു.

3. അൾത്താരയുടെ സമീപത്തെത്തുമ്പോൾ, പുരോഹിതൻ പ്രണ മിച്ചുകൊണ്ട് അൾത്താരയെ ചുംബിക്കുന്നു. തുടർന്ന്, അദ്ദേഹം അധ്യക്ഷപീഠത്തിലേക്കു പോകുന്നു.

**ദ്വിതീയരൂപം**

4. നിർദിഷ്ടസമയത്ത്, പുരോഹിതൻ നെടിയങ്കിയും ഉത്തരീയവും അന്ന് അർപ്പിക്കുന്ന ദിവ്യപൂജയുടെ നിറമുള്ള പൂജാവസ്ത്രവും ധരിച്ച്, ശുശ്രൂഷകരോടുകൂടെ വധൂവരന്മാർക്കായി ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്കോ അധ്യക്ഷപീഠത്തിലേക്കോ പോകുന്നു.

5. വധൂവരന്മാർ അവരുടെ സ്ഥാനത്തെത്തുമ്പോൾ, അവരെ പുരോഹിതൻ സ്വീകരിക്കുകയും അവരുടെ സന്തോഷത്തിൽ സഭയും പങ്കുചേരുന്നുവെന്നതിന്റെ അടയാളമായി അവരെ സ്നേഹപൂർവ്വം അഭിവാദനം ചെയ്യുകയും ചെയ്യുന്നു.

6. തുടർന്ന്, പ്രവേശകഗാനസമയത്ത്, പുരോഹിതൻ അൾത്താരയെ സമീപിക്കുകയും പ്രണമിച്ചുകൊണ്ട് അതിനെ ചുംബിക്കുകയും ചെയ്യുന്നു. അതിനുശേഷം അദ്ദേഹം അധ്യക്ഷപീഠത്തിലേക്കു പോകുന്നു.

7. കുരിശടയാളം വരച്ചശേഷം, റോമൻ മിസ്സാളിൽ കൊടുത്തിരിക്കുന്ന രൂപങ്ങളിലൊന്നുപയോഗിച്ച്, പുരോഹിതൻ സന്നിഹിതരെ അഭിവാദനം ചെയ്യുന്നു.

8. തുടർന്ന്, ഈ വാക്കുകളിലോ തത്തുല്യമായ വാക്കുകളിലോ വിവാഹാഘോഷത്തിന് ആന്തരികമായി ഒരുങ്ങുന്നതിന്, പുരോഹിതൻ വധൂവരന്മാരെയും സന്നിഹിതരെയും അഭിസംബോധനം ചെയ്യുന്നു.

പ്രിയ സഹോദരങ്ങളേ, ആഹ്ലാദപൂർവം ഈ ആഘോഷത്തിനായി നാം കർത്താവിന്റെ ഭവനത്തിലേക്കു വന്നിരിക്കുകയാണ്. N-ഠ, N-ഠ തങ്ങളുടേതായ ഒരു ഭവനം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഈ ദിവസം നാം അവരോടൊപ്പമായിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം, ഏറെ പ്രാധാന്യമുള്ള നിമിഷമാണിത്. അവരുടെ സഹോദരങ്ങൾ എന്ന നിലയിൽ, നമ്മുടെ സ്നേഹത്താലും സൗഹൃദത്താലും പ്രാർത്ഥനകളാലും നമുക്കിവരെ സഹായിക്കാം. ഇന്നും ദൈവം നമ്മോടു പറയുന്ന വചനം, ഇവരോടൊപ്പം നമുക്കു ശ്രദ്ധാപൂർവ്വം ശ്രവിക്കാം. തുടർന്ന്, തിരുസഭയോടൊത്ത്, പിതാവായ ദൈവം, അവിടത്തെ ദാസരായ ഇവരെ സ്നേഹപൂർവം സ്വീകരിക്കുന്നതിനും ആശീർവദിക്കുന്നതിനും എന്നേക്കും ഒന്നിപ്പിക്കുന്നതിനുംവേണ്ടി

നമ്മുടെ കർത്താവായ ക്രിസ്തുവഴി നമുക്ക് അവിടത്തോട് എളിമയോടെ പ്രാർത്ഥിക്കുകയും ചെയ്യാം.

*അഥവാ*

പ്രിയ N-ഠ, N-ഠ നമ്മുടെ പിതാവായ ദൈവത്തിന്റെ സാന്നിധ്യത്തിൽ, ജീവിതകാലം മുഴുവൻ നിലനില്ക്കുന്ന ഒരു സ്നേഹബന്ധം സംസ്ഥാപിക്കുന്ന ഇന്ന്, സഭ നിങ്ങളുടെ സന്തോഷത്തിൽ പങ്കുചേരുകയും നിങ്ങളോടൊപ്പം നിങ്ങളുടെ കുടുംബങ്ങളെയും സുഹൃത്തുക്കളെയും സ്നേഹപൂർവം സ്വാഗതം ചെയ്യുകയും ചെയ്യുന്നു. സന്തോഷം നിറഞ്ഞ നിങ്ങളുടെ ഈ ദിവസം കർത്താവ് നിങ്ങളെ ശ്രവിക്കട്ടെ; അവിടന്ന് സ്വർഗത്തിൽനിന്നുള്ള സഹായം അയയ്ക്കുകയും നിങ്ങളെ കാത്തുപാലിക്കുകയും ചെയ്യട്ടെ. നിങ്ങളുടെ ഹൃദയാഭിലാഷം അവിടന്നു നിങ്ങൾക്കു സാധിച്ചുതരുകയും നിങ്ങളുടെ പ്രാർത്ഥനകളെല്ലാം സഫലീകരിക്കുകയും ചെയ്യട്ടെ.

അനുതാപകർമ്മം വിട്ടുകളയുന്നു; നിർദ്ദേശങ്ങളനുസരിച്ച് 'അത്യുന്നതങ്ങളിൽ' ചൊല്ലുന്നു. പതിവുപോലെ ദിവ്യപൂജ തുടരുന്നു.

സ്തോത്രയാഗപ്രാർഥനകളിൽ, നവദമ്പതിമാരുടെ സ്മരണ റോമൻ മിസ്സാളിൽ കൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു.

നവദമ്പതിമാർക്കുള്ള ആശീർവാദപ്രാർത്ഥനയ്ക്കുശേഷം, 'കർത്താവേ എല്ലാ തിന്മകളിൽനിന്ന്' എന്ന പ്രാർത്ഥനയും 'സമാധാനം ഞാൻ നിങ്ങൾക്ക്' എന്ന പ്രാർത്ഥനയും വിട്ടുകളഞ്ഞ് ഉടനേ 'കർത്താവിന്റെ സമാധാനം' പറയുന്നു. തുടർന്ന് നവദമ്പതിമാരും എല്ലാവരും സ്ഥലത്തെ രീതിയനുസരിച്ച് സമാധാനവും കൂട്ടായ്മയും സ്നേഹവും സൂചിപ്പിക്കുന്ന അടയാളം പരസ്പരം കൈമാറുന്നു. പതിവുപോലെ ദിവ്യപൂജ തുടരുന്നു.

## സർക്കുലർ - 10

*വന്ദ്യവൈദികരെ,*

ഇ.എസ്.എസ്.എസിന്റെ ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി വിപുലീകരിക്കുന്നതിനും, കാൻസർ ചികിൽസാനിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനുമായി 2017 ഏപ്രിൽ 13-ാം തീയതി പെസഹാ വ്യാഴാഴ്ച അതിരൂപതയുടെ എല്ലാ ഇടവകളിൽ നിന്നും വിശുദ്ധ കുർബാന മധ്യേയുള്ള സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക ഇ.എസ്.എസ്.എസിന്റെ നേതൃത്വത്തിലുള്ള ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയിലേക്ക് നൽകുന്നതിനായി അതിരൂപതാ കച്ചേരിയിൽ താമസംവിനാ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
19.02.2017 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# NOTIFICATION - 5

## TRANSFERS AND APPOINTMENTS - 2017

1. Very Rev.Msgr. Mathew Kallinkal
   Vicar General
   Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581,Cochin - 682 031.

2. Very Rev.Msgr. Mathew Elanjimittam
   Vicar General
   Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581,Cochin - 682 031.

3. Very Rev. Fr. Ebigin Arackal
   Chancellor
   Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581, Cochin - 682 031.

4. Very Rev. Fr. Peter Kochuveettil
   Procurator (Financial Administrator)
   Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581, Cochin - 682 031.

5. Very Rev. Fr. Alex Kurisuparambil
   Assistant Procurator
   Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581 Cochin - 682 031.

6. Rev. Fr. Leneesh Jose Manakkil
   Secretary to the Archbishop
   Latin Archbishop's House
   Post Box No. 2581, Cochin - 682 031

7. Very Rev. Msgr. Joseph Padiyaramparambil
   Director, Holy Angel's Institute
   Vicar Forane V
   Kalamassery – 682 022
   & General Coordinator for Ministries and Commissions

8. Very Rev. Fr. Varghese Valiyaparambil
   Director, Ashirbhavan
   Cochin - 682 018.

9. Very Rev. Fr. Jerome Chamminikodath
   Director, Avilabhavan
   & Administrator
   Archbishop Attipetti Nagar,
   Avilabhavan Chembumukku, Kakkanad - 682 021.

10. Rev. Fr. Antony Thoppil
    Parish Priest, St. George's Church
    Vadel, Nayarambalam P.O.- 682 509

11. Rev. Fr. Stanley Mathirappilly
    Interim Parochial Administrator
    Little Flower Church
    Panayikulam - 683 511

12. Very Rev. Fr. Jacob Baiju Ben Pashniparambil
    Director
    Vidyaniketan Institutions
    Chembumukku, Kakkanad - 682 021.

13. Rev. Fr. George Mangalath
    Parish Priest
    Holy Family Church
    Perumpilly, Narakkal P.O.- 682 505.

14. Rev.Fr. Jobi Joseph Arianchery C.Ss.R.
    Interim Parochial Administrator
    Amalolbhava Matha Church, Valluvally

15. Rev. Fr. Shine Pauly Kalathil
    Administrator, Assisi Vidyaniketan Public School,
    Perumpilly - 682 505.

16. Rev. Fr. Antony Paul Keerampilly
    Parish Priest, St. Pius X Church
    Kalamassery - 683 104.

17. Rev. Fr. Francis Naissery
    C/o Latin Archbishop's House

Ernakulam **Chancellor**
19.02.2017

# CASUS
# MARCH, 2017

By confirmation, the baptized are joined more perfectly to the Church, strengthened, and more strictly obliged to be witness to Christ by word and deed and to spread and defend the faith (Can. 879). By baptism and confirmation, the faithful are deputed to the apostolate (Can. 225, §1).

Those who are confirmed may licitly enter the novitiate of a religious institute (Can. 645, §1), receive holy orders (can. 1033), or marry (Can. 1065, §1), provided all other requirements of law have been met.

Sacrament of baptism, confirmation, and the holy Eucharist are so related to each other that all are required for full Christian initiation (Can. 842, §2). Confirmation is continuation of the journey of Christian initiation (Can. 879). Unless a serious reason stands in the way, an adult who is baptized should be confirmed immediately after baptism and should participate in the Eucharist celebration, also receiving Communion (Can. 866).

The sacrament of confirmation cannot be repeated because it imparts a character. If, after a diligent investigation, a doubt remains whether confirmation was actually or validly conferred, it should be conferred conditionally (Can. 845).

In the Eastern churches, both Catholic and non-Catholic, the sacrament of confirmation is always conferred immediately after baptism, even of infants. It is enough to establish the fact of baptism to prove that confirmation was also conferred. It often happens that no mention is made of confirmation in the canonical testimony of baptism. This does not give grounds for doubting that this sacrament was also conferred (DE, 145) Directory for the Application of Principles and norms on Ecumenism, issued by the Pontifical Council for Promoting Christian Unity, March 25, 1993, *AAS* 85(1993) 1039-1119.

Questions:

1. What is the nature and effects of Confirmation? (Ref. Can. 879)
2. What are the essential elements of the Sacrament of Confirmation? (Ref. Can. 880)
3. What does the law say regarding the place of Celebration? (Ref. Can. 881)
4. Who are the ministers of Confirmation? (Ref. Cann. 882-884)
5. What is the capacity for receiving the Sacrament of Confirmation? (Ref. Can. 889).
6. Are the faithful obliged to receive the Sacrament of Confirmation? (Ref. Can. 890)
7. What is the age for Confirmation? (Ref. Can. 891).
8. What is the role of Sponsor at Confirmation (Ref. Can. 892)
9. What does the law say regarding the registration and notification of Confirmation? (Ref. Can. 895)
10. As pastors, do we verify, at least at the time of pre-nuptial enquiry, whether our youngsters receive the Sacrament of Confirmation before entering into marriage?

Printed and Published by Fr. Ebigin Arackal
Vimala Social Service Centre, Kakkanad, Kochi - 21